പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3244 | 21.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും കൃത്യമാക്കാൻ നടപടി

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ശമ്പളവും പെൻഷനും മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം പേർ ആത്മഹത്യയുടെ വക്കിലാണെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശമ്പളവും പെൻഷനും നല്കുന്നതിലുണ്ടാകുന്ന കാലതാമസം കാരണം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പ്രവണതകൾ ഉണ്ടായിട്ടും കൃത്യമായി ശമ്പളം കൊടുക്കുവാൻ സാധിക്കാതെ പോകുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യുടെ ശരാശരി പ്രതിമാസ വരുമാനം 160 കോടി രൂപയും ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസം ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും, ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും, വായ്പ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ വരുമാനത്തിൽ നിന്നും ടി ചെലവുകൾക്കു പോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർ.ടി.സി. യ്ക്ക് ഉള്ളത്. ഈ സാഹചര്യം മറികടക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി നിലവിൽ എടുത്തിട്ടുള്ള |
| (സി) | ഇത് സംബന്ധിച്ച് സർക്കാർ ചെയ്യുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും, പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പയിലേക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ച് വരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45കോടി രൂപയോളം പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കി ആയത് പ്രകാരമുള്ള പരിഷ്കരണങ്ങൾ നടപ്പിലാക്കി സാമ്പത്തിക പുനഃക്രമീകരണം വരുത്തി കഴിയുന്നതോടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**